കുറ്റ്യാടി ജലസേചനപദ്ധതി

93 (2005) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ജലസേചന പദ്ധതികളുടെ കക്കോടി സബ്ഡിവിഷൻ ഓഫീസ് നിറുത്തലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ഈ ഓഫീസ് നിറുത്തലാക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശുദ്ധജലവിതരണ പദ്ധതികൾ

94 (2006) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ട് പല ശുദ്ധജല പദ്ധതികളും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്ഥലമെടുപ്പിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസംഭരണികൾ പമ്പ്ഹൗസ് ജലശുദ്ധീകരണ പ്ലാന്റ് മുതലായവയ്ക്ക് ആവശ്യമായ സ്ഥലം അതാതു പഞ്ചായത്തുകൾ ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യമായി നൽകേണ്ടതാണ്. ഇക്കാര്യത്തിൽ പല കാരണങ്ങൾ കൊണ്ടും കാലതാമസം ഉണ്ടാകാറുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചൊവ്വര-പറവൂർ വാട്ടർ സപ്ലൈ സ്കീം

95 (2007) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ചൊവ്വര-പറവൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പമ്പ് ഹൗസ് പ്രായോഗികമായ കാരണങ്ങളാൽ ചൊവ്വരയിൽ നിന്നും പെരിയാറിലെതന്നെ കോട്ടപ്പുറം മാമ്പ്രയിലേയ്ക്ക് മാറ്റണം എന്ന നിർദ്ദേശം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly